# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3359

14-07-2015-ൽ മറുപടിക്ക്

## കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

**ചോദ്യം**

ശ്രീ. റ്റി.വി.രാജേഷ്

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ; ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും ഭൂമി നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിൽ 43 കി.മീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. എറണാകുളം, മലപ്പുറം ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്. വെൽഡിംഗ് കഴിഞ്ഞ് ഉപരിതലത്തിൽ 32 കിലോമീറ്റർ ദൂരത്തിൽ കിടക്കുന്ന പൈപ്പുകൾ ഭൂമിക്കടിയിലേക്ക് നിക്ഷേപി ക്കുവാനായി 11/06/2015 ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടം ഉൾപ്പെടുന്ന മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ പൈപ്പ് ലൈൻ ഇടുന്നതിനെതിരെ ജനങ്ങളുടെ ശക്തമായ എതിർപ്പ് അനുഭവപ്പെടുന്നുണ്ട്.

പൈപ്പ് ലൈനിന്റെ സുരക്ഷിതത്വത്തെപ്പറ്റിയുള്ള ആശങ്കയും, നഷ്ടപരിഹാരത്തുക സംബന്ധിച്ച തർക്കവുമാണ് പദ്ധതിയ്ക്കെതിരെ ഉയർന്നിട്ടുള്ള ജനകീയ പ്രക്ഷോഭ സമരങ്ങൾക്ക് ആധാരമായിട്ടുള്ളത്. പൈപ്പ് ലൈനിന്റെ സുരക്ഷയെപ്പറ്റി ജനങ്ങളുടെ മനസ്സിലുടലെടുത്തിട്ടുള്ള ആശങ്ക അടിസ്ഥാനരഹിതമാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ സർക്കാർ വകുപ്പുകൾ വിവിധ NGO കൾ മുഖേനയും, GAIL അധികൃതർ നേരിട്ടും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതോടൊപ്പം പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകൾ വിതരണം ചെയ്തും,

എഫ്.എം. റേഡിയോയിലെ പരസ്യങ്ങളിലൂടെയും പദ്ധതികൊണ്ട് സംസ്ഥാനത്തിനും ജനങ്ങൾക്കുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് അവബോധം വളർത്തുവാനും ശ്രമിക്കുന്നുണ്ട്.

പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമിയുടെ വിനിയോഗാവകാശം മാത്രമേ GAIL-ന് നൽകേണ്ടതുള്ളൂ. ആയതിനാൽ P & MP Act ലെ വ്യവസ്ഥകൾ അനുസരിച്ച് ഭൂമിയുടെ ന്യായവിലയുടെ 10% മാത്രമാണ് നഷ്ടപരിഹാര തുകയായി ഭൂഉടമയ്ക്ക് GAIL നൽകേണ്ടത്. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യം, സ്ഥല ദൗർലഭ്യം തുടങ്ങിയവ പരിഗണിച്ചും ജനകീയ പ്രക്ഷോഭങ്ങൾ കണക്കിലെടുത്തും നഷ്ടപരിഹാരതുക ഭൂമിയുടെ ന്യായ വിലയുടെ 50% വരെ വർദ്ധിപ്പിച്ച് നൽകുവാൻ GAIL സന്നദ്ധത അറിയിച്ചിട്ടുണ്ട്. കൂടാതെ നഷ്ടപ്പെടുന്ന ഫല വൃക്ഷാദികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ ഇതു സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് ; വിശദാംശം നൽകുമോ ?

(ബി) കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് പൈപ്പ് ലൈൻ വിന്യസിക്കുന്നത്. ജില്ലയിൽ മൊത്തം പൈപ്പ് ലൈൻ വിന്യസിക്കേണ്ടത് 83.7 കി.മീറ്റർ ദൂരത്തിലാണ്. P & MP Act സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനം കേന്ദ്ര ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ജില്ലയിൽ അഞ്ച് SV സ്റ്റേഷനുകൾക്കും ഒരു IP സ്റ്റേഷനും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇവയിൽ മൂന്ന് SV സ്റ്റേഷനുകൾക്കുള്ള ഭൂമി, ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ളവ ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ